**File No.DWCD/1057/2022-WEC4**

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1057/2022-WEC4

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 27/06/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

**എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.**

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- മഹിള ശക്തി കേന്ദ്ര പദ്ധതി ജീവനക്കാരെ വിടുതൽ ചെയ്യുന്നത് -സംബന്ധിച്ച്:-

സൂചന:- 16.10.2022 തീയതിയിലെ WEC4/8180/19 നമ്പർ കത്ത്.

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം , സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും ലഭ്യമാക്കി വനിതകളെ ശാക്തികരിക്കുക എന്ന ഉദ്ദേശത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിള ശക്തി കേന്ദ്ര (MSK) പദ്ധതി വനിത ശിശു വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിലേക്കായി സംസ്ഥാനതലത്തിൽ State Resource Centre for Women(SRCW) ഉം, ജില്ല തലത്തിൽ District Level Centre for Women ( DLCW) ഉം രൂപീകരിച്ചിട്ടുണ്ട്. മഹിള ശക്തി കേന്ദ്ര പദ്ധതി 2022-23 വർഷം തുടരുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ്, റിലീസ് എന്നിവ ലഭിച്ചിട്ടില്ല.

ടി സാഹചര്യത്തിൽ മഹിള ശക്തി കേന്ദ്ര പദ്ധതി നടത്തിപ്പിലേക്കായി കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ 2022 ജൂൺ 30 തീയതിയി പ്രാബല്യത്തിൽ ബന്ധപ്പെട്ട തസ്തികയിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണെന്ന വിവരം അറിയിക്കുന്നു. ടി ജീവനക്കാർക്ക് 2022 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ ശമ്പളം അനുവദിക്കുന്നതിന് അനുമതിക്കായി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു. ടി ജീവനക്കാരെ വിടുതൽ ചെയ്യുന്നതിന് മുൻപായി ടി ജീവനക്കാർ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ/ഡാറ്റകൾ/മറ്റ് വിവരങ്ങൾ എന്നിവ ജില്ല വനിത ശിശു വികസന ഓഫീസ് തലത്തിൽ ഏറ്റെടുത്ത് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

Signature valid

Digitally signed by Priyanka G
Date: 2022.06.27 17:47:32 IST
Reason: Approved